# വരമൊഴി

## ലിറ്റിൽ കൈറ്റ്സ് ക്ലബ്
## ഡിജിറ്റൽ മാഗസിൻ



**ജി.എച്ച്.എസ്.എസ്.കുഴിമതിക്കാട്**

GHSS Kuzhimathicadu

# എഡിറ്റോറിയൽ

ഒരു ഗ്രാമത്തിന്റെ തന്നെ ഹൃദയസ്പന്ദനമായ കുഴിമതിക്കാട് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ ,അറിവിന്റെ അക്ഷരവെളിച്ചവും നൽകി ചരിത്ര പഥങ്ങളിലൂടെ സഞ്ചരിക്കുകയാണ് .പിന്നിട്ട വഴികളിൽ ഇവിടെ അറിവിന്റെ അനന്തമായ ആകാശങ്ങളിലേക്കു പറന്നുപോയ എത്രയോ മഹാനുഭാവന്മാർ.
അവർക്ക് ഒരുപിടി ഓർമപ്പൂക്കൾ

കുഴിമതിക്കാട് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിലെ 2018-19 വർഷത്തെ ലിറ്റൽ കൈറ്റ്സ് ക്ലബ് അംഗങ്ങൾ തയ്യാറാക്കിയതാണ് "വരമൊഴി" എന്ന ഈ ഡിജിറ്റൽ മാഗസിൻ .

ഞങ്ങൾ കൊച്ചു കൂട്ടുകാരുടെ സങ്കല്പങ്ങൾ ,സ്വപ്നങ്ങൾ ,ഓർമ്മകൾ, സങ്കടങ്ങൾ ,വേദനകൾ ,പ്രതീക്ഷകൾ, ആകുലതകൾ ,സർഗാത്മകഥകൾ
അവ നിങ്ങളുടെ ആസ്വാദനത്തിനായി ....

പൂർണമാണ് എന്ന് കരുതുന്നില്ല ,എങ്കിലും നിറഞ്ഞ സന്തോഷത്തോടെ സ്നേഹത്തോടെ സമർപ്പിക്കുന്നു

വിന്ദ്യാ വേണു
മാഗസിൻ എഡിറ്റർ



# എഡിറ്റോറിയൽ ബോർഡ്

മാഗസിൻ എഡിറ്റർ :- വിന്ദ്യാ വേണു

കോ എഡിറ്റേഴ്സ് :-നിമിത.ആർ
അഭി സുരേഷ്
ആദർശ് അനിൽകുമാർ

ടീച്ചേഴ്സ് എഡിറ്റർ :- രാജേഷ്.വി .ആർ
ബിന്ദു .ടി .ആർ

# മഴത്താളങ്ങൾ



പ്രിയൻ.ജെ.പ്രദീപ്,IX.A

മഴ പെയ്തു തുടങ്ങി. പല താളത്തിൽ എഴുതപ്പെട്ട കവിത പോലെ, ചിലപ്പോൾ വെയിലിന്റെ അകമ്പടിയോടെ ഒരു ചെറുചാറൽ, ...അപ്പോൾ മഴയ്ക്ക് പ്രണയത്തിന്റെ ഭാവം....ചിലപ്പോൾ മനസ്സിൽ കുഴിച്ചുമൂടിയ സർവ്വദുഖങ്ങളെയും ആവാഹിച്ചിട്ടെന്ന പോലെ ഇരുണ്ടു മൂടിയ മാനം. പിന്നെ ആർത്തലച്ച് ഒരു ഇരമ്പൽ മണ്ണിനെയും മനസ്സിനെയും കഴുകി ശുദ്ധമാക്കാനെന്ന പോലെ. മഴയ്ക്കായിനിയും കാത്തിരിക്കുന്ന പ്രദേശങ്ങളിൽ മഴവരുമെന്ന പ്രതീക്ഷയുടെ താളം കാത്തിരിപ്പിന്റെ ഭാവം. മലയാളത്തെ മഴയുടെ കുളിരണിയിച്ച ചില മഴക്കവിതകൾ .

## മഴ

## വിജയലക്ഷ്മി



രാത്രിവീണയുമായി, ഏകാകിയാം
യാത്രികൻ വന്നു വീണ്ടുമീ കർക്കടം

എത്രയെത്രയോ കാലമായെങ്കിലും അല്പനാൾ
മുമ്പിലെന്നപോൽ
ജന്നലിൽ ഒറ്റമിന്നലിൽ വീണ്ടും പഴയ ഞാൻ.

ഇടയ്ക്കെങ്കിലും പ്രകൃതിയുടെ മാറ്റങ്ങൾ നമ്മുടെ മറവികളെ തിരിച്ചുവിളിക്കാറില്ലേ? ഓർമ്മകളായി അവ ഓടി എത്താറില്ലേ? ഓർമകളും, വിരഹവും കാത്തിരിപ്പുമെല്ലാം വിജയലക്ഷ്മിയുടെ മഴ എന്ന കവിതയിൽ നിറയുന്നു....

ഓമനിച്ചവരെല്ലാം പിരിഞ്ഞുപോയ്
ഓടിവന്ന വസന്തം തിരിച്ചുപോയ്
ഓർമ്മകൾക്കില്ല ചാവും ചിതകളും
ഊന്നുകോലും .ജരാനരാദുഖവും ...

മഴയ്ക്കായുള്ള കാത്തിരിപ്പ് പ്രതീക്ഷയും മഴ ആശ്വാസവുമാണ്. കാത്തിരിപ്പിനെകുറിച്ച് കവിയത്രി പറയുന്നതിങ്ങനെ...


ജാലകങ്ങളിൽ വർഷാന്തരങ്ങളിൽ...
നീ വരാൻ കാത്തിരിക്കുകയാണു ഞാൻ...
ആടിമാസമേ, നിന്നസിതം മുഖം...
നീലകേശം, നിലയ്ക്കാത്ത സാന്ത്വനം....

ആവണിക്കു ഉമ്പ തേടുമ്പോഴും ജീവന്റെ, വിത്തിന്റെ, പുല്ലിന്റെ, വടുവൃക്ഷത്തിന്റെ നിലനിൽപിനെ കാക്കുന്ന ആടിമാസത്തെയല്ലാതെ ആരെയാണ് ഞാൻ ഓർക്കേണ്ടത് എന്ന ചോദ്യത്തോടെയാണ് വിജയലക്ഷ്മി മഴ എന്ന കവിത അവസാനിപ്പിക്കുന്നത്.

## മഴ

## സച്ചിദാനന്ദൻ

മഴയുടെ ഭാവലോകം എത്ര വിശാലമാണ്. ചിലപ്പോൾ മുളയ്ക്കുന്ന വിത്തിന്റെ, വളരുന്ന ജീവന്റെ ഭാവം. ചിലപ്പോൾ കർക്കിടക ദാരിദ്ര്യങ്ങളുടെ, നനയാത്ത ഒരു കൂരയില്ലാത്തവന്റെ നെടുവീർപ്പിന്റെയും വ്യസനത്തിന്റെയും ഭാവം. ഇവയൊക്കെ സച്ചിദാനന്ദന്റെ കവിതയിൽ കാണാം. വർഷം ചെല്ലുന്തോറും മഴയുടെ അളവിലുണ്ടാകുന്ന കുറവ് നാളെ മഴ തന്ന ഒരു ഓർമ്മ മാത്രമായി മാറുമോ എന്ന ആശങ്കയും ഈ കവിതയിൽ നിഴലിക്കുന്നു. മഴ മാത്രമല്ല മഴയിൽ കുളിച്ച മരങ്ങളും.പതിയെ ഇന്നലെയുടെ ഓർമ്മകളായി മാറുകയാണ്...



മഴയിൽ കുളിച്ച മരങ്ങളേ, കണ്ടുവോ
മറവിയിലെൻ പോയ ബാല്യം?
ഒരു വേള കാണുമേ കാതലിൽ പണ്ടെന്റെ
ചെറുനഖം കോറിയ ചിത്രം
ഒരുകൊമ്പിലുണ്ടാകാം ഞാൻ തൂങ്ങിയാടിയ...
വിരലടയാളങ്ങളിന്നും ...
ഇലകളെല്ലാം പുതുതെങ്കിലും വേരിലെൻ...
പനിയുടെ കുളിരല്പം കാണും...

മഴയിൽകുളിച്ച മരങ്ങളും, മഞ്ചാടിക്കുരുവും, നെല്ലിപ്പൂവും മളതേൻ തുള്ളിയും ബാല്യത്തിന്റെ ഓർമ്മയാകുമ്പോൾ ഒരു കരിക്കട്ടതന്നെരിയും കിനാക്കളും മഴയുടെ മറുപുറമാകുന്നുണ്ട്....

തടവനിന്നൊരു ഭ്രാന്തി കരയുമ്പോൾ വീശിയൊ–...
രിടിമിന്നലിന്റെ തീപ്പൊരിയും...
ഒരു പെണ്ണുങ്ങൾതൻ നെടുവീർപ്പും ഒരമ്മതൻ...

GHSS Kuzhimathicadu

വ്യസനത്തിൻ നേർച്ചയും കാണാം...

മഴ ചിലപ്പോഴൊക്കെ എരിയുന്ന സ്വപ്നങ്ങൾ ഇല്ലാതായ കരിക്കട്ടയുടേത് കൂടിയായിരുന്നു.

## രാത്രിമഴ

## സുഗതകുമാരി

ചുമ്മാതെ കേണും ചിരിച്ചും, വിതുമ്പിയും നിർത്താതെ പിറുപിറുത്തും, നീണ്ട മുടിയിട്ടുലച്ചും കുനിഞ്ഞിരിയ്ക്കുന്നോരു യുവതിയാം ഭ്രാന്തിയെപ്പോലെയാണ് രാത്രി മഴയെന്ന് സുഗതകുമാരി പറയുന്നു. രാത്രിമഴയിൽ മഴയുടെ ഭാവങ്ങൾ തീവ്രമാകുന്നത് കാണാം. ...



രാത്രിമഴ ...
പണ്ടെന്റെ സൗഭാഗ്യ രാത്രികളിൽ എന്നെച്ചിരിപ്പിച്ച
കുളിർ കോരിയണിയിച്ച വെണ്ണിലാവെക്കാൾ പ്രിയം
തന്നുറക്കിയൊരന്നത്തെയെൻ പ്രേമസാക്ഷി....
രാത്രിമഴ ഇന്നെന്റെ രോഗോഷ്ണശയ്യയിൽ
വിനിദ്രയാമങ്ങളിൽ, ഇരുട്ടിൽ ...
തനിച്ചുകരയാനും മറന്നു ഞാൻ ഉഴലവെ
ശിലപോലെയുറയവെ
എൻ ദുഖസാക്ഷി.

സുഗതകുമാരി രാത്രിമഴയുടെ ശോകാർദ്ര സംഗീതവും, അലിവും അമർത്തുന്ന രോഷവും, തേങ്ങി കരച്ചിലും. പുലരിയെത്തുമ്പോൾ മുഖം തുടച്ചുള്ള ചിരിയും എല്ലാം കവിയത്രി തിരിച്ചറിയുന്നുണ്ട് ഈ കവിതയിൽ....

## തോരാമഴ

## റഫീഖ് അഹമ്മദ്...

വേർപാട് നൽകിയ തോരാത്ത കണ്ണീരിന്റെ താളവും സങ്കടങ്ങളുടെ ഭാവവുമാണ് റഫീഖിന്റെ തോരാമഴ എന്ന കവിതയ്ക്ക്. ...



ഉമ്മുക്കുലുസു മരിച്ചന്നു രാത്രിയിൽ
ഉമ്മ തനിച്ചു പുറത്തുനിന്നു

ഉറ്റവരൊക്കെയും പോയിരുന്നു
മുറ്റമോ ശൂന്യമായ് തീർന്നിരുന്നു..........
................................................

ഉമ്മുക്കലുസു മരിച്ചന്ന രാത്രിയിൽ
ഉമ്മ പുറത്തു തനിച്ച നിൽക്കെ
പെട്ടെന്നു വന്നു പെരുമഴ , ഉമ്മയോ
ചിക്കെന്നകത്തു തിരഞ്ഞുചെന്നു

വില്ലൊടിഞ്ഞെന്നു ചിണുങ്ങിടാറുള്ളൊരാ
പുള്ളിക്കുട ചെന്നെടുത്തു പാഞ്ഞു
പള്ളിപ്പറമ്പിൽ പുതുതായ് കമിഴ്ത്തിട്ട
മണ്ണട്ടിമേലെ നിവർത്തിവെച്ചു

ഉമ്മുക്കലുസു മരിച്ചന്നു
രാത്രിതൊട്ടിന്നോളം
ആ മഴ തോർന്നുമില്ല
ഉമ്മുക്കലുസു മരിച്ചന്ന് രാത്രിതൊട്ട് ഇന്നോളം ആ മഴ തോർന്നുമില്ല. എന്ന് പറഞ്ഞ് അവസാനിക്കുമ്പോൾ

ആ മഴകവിതയ്ക്ക് കണ്ണീരിന്റെ ഉപ്പുരസത്തിന്റെ രുചി.

ഇനിയുമെത്ര മഴകൾ... മഴകവിതകൾ... മഴയ്ക്കെത്ര ഭാവങ്ങൾ.....

## അമ്മ

തൻ പിഞ്ചു കുഞ്ഞിനെ താലോലിക്കുമമ്മ
കുഞ്ഞിന്റെ പുഞ്ചിരിയിൽ അലിയുന്നൊരമ്മ
മുത്തങ്ങൾ കൊണ്ടവനെ പൊതിയുന്നോരമ്മ
അമ്മതൻ തണലിൽ അവൻ വളർന്നിടുന്നു
ഒടുവിലവൻ സമ്പത്തുമായി കൂട്ടുകൂടുമ്പോൾ
അമ്മക്ക് വേണ്ടി ഒരു നിമിഷം കണ്ടെത്താൻ
അവനാകുന്നില്ലല്ലോ
ഒടുവിലവൻ കണ്ടെത്തുന്നു അമ്മക്കായൊരിടം
അമ്മയെ കൂട്ടിഅവനെത്തുന്നു വൃദ്ധസദനത്തിൽ
അവിടെ ആ നാലു ചുവരിനുള്ളിൽ
ഒരു തേങ്ങലായി അമ്മ മാറുന്നു



പാർവതി .ബി ,X .A

GHSS Kuzhimathicadu

# പഠനം ജീവിതമാക്കിയ മേരി ക്യൂറി



ആദർശ്.എസ്.IX.D



പഠിക്കണം എന്ന് തീവ്രമായി ആഗ്രഹിക്കുന്നവർക്ക് ഏതൊരു സാഹചര്യത്തെയും അനുകൂലമാക്കാൻ കഴിയും. വിദ്യാഭ്യാസം നിഷേധിച്ചിരുന്ന സമൂഹത്തിൽ നിന്നുമാണ് ലോകം ആദരിക്കുന്ന വിജ്ഞാനികൾ ഉദയംകൊണ്ടിട്ടുള്ളത്. 1867 ൽ റഷ്യയുടെ അധീനതയിലായിരുന്ന പോളണ്ടിലാണ് മേരി ക്യൂറി ജനിച്ചത്. അക്കാലത്ത് പോളണ്ട നിവാസികൾക്ക് പഠനത്തിനുള്ള അവസരം നിഷേധിച്ചിരുന്നു. പ്രത്യേകിച്ച് സ്ത്രീകൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം നൽകിയിരുന്നില്ല. സ്കൂൾ വിദ്യാഭ്യാസം മികവോടെ പൂർത്തീകരിച്ച മേരി രഹസ്യമായാണ് ഉന്നത പഠനം നടത്തിയിരുന്നത്. ജന്മനാടായ പോളണ്ടിൽ നിന്നും ബിരുദം എടുക്കാനുള്ള സാഹചര്യം ഇല്ലാതിരുന്നതിനാൽ ഫ്രാൻസിലേക്ക് കുടിയേറി പഠനത്തിൽ മികവു കാട്ടിയ മേരി അക്കാലത്ത് ശാസ്ത്രത്തിൽ ഉന്നത ബിരുദങ്ങൾ നേടുന്ന ഏക വനിത ആയിരുന്നു. തന്റെ ഒൻപതാം വയസിൽ സഹോദരിയെയും പതിനൊന്നാം വയസിൽ അമ്മയേയും നഷ്ടപ്പെട്ട മേരി ക്യൂറിയെ മുന്നോട്ട് നയിച്ചത് അറിവിനോടുള്ള അഭിനിവേശമായിരുന്നു.

അറിയാനുള്ള ആഗ്രഹം മനുഷ്യന് ജന്മസഹജമായുള്ളതാണ്. ഏത് മേഖലയെക്കുറിച്ച് അറിയണമെന്നും എന്തൊക്കെ അറിയേണ്ടതുണ്ടെന്നും തീരുമാനിച്ചുറപ്പിച്ചവർക്ക് അറിവിന്റെ പുതിയ ലോകത്തേക്ക് കടന്നുചെല്ലാൻ കഴിയും. വിജ്ഞാനം ആരു വിചാരിച്ചാലും തടഞ്ഞ് നിർത്താവുന്ന ഒന്നല്ല. വിജ്ഞാനത്തിന് പരിമിതികളും പരിധിയും നിശ്ചയിക്കുന്നത് നാമാണ്. അറിവിനോട് അഭിനിവേശമുള്ളവർക്ക് ഏതൊരു പരിമിതികളെയും അതിജീവിച്ച് പരിധികളില്ലാത്ത ലോകത്തേക്ക് പറന്നുയരാൻ കഴിയും. അറിവിനായി മനസിന്റെ വാതായനങ്ങൾ തുറന്നിടുക. ഇച്ഛാശക്തിയോടെ പ്രവർത്തിച്ച മേരി ക്യൂറിക്ക് തന്റെ അറിവുകൊണ്ട് ലോകത്തെ പ്രചോദിപ്പിക്കാൻ കഴിഞ്ഞതുപോലെ നാളെ നിങ്ങൾക്കും അറിവിലൂടെ വിജയം സാധ്യമാക്കാൻ കഴിയട്ടെ.

# കൃഷിചൊല്ലുകൾ



ആദർശ്.അനിൽകുമാർ .IX.A

കൂട്ടുകാരുടെ ശേഖരത്തിലേയ്ക്ക് കുറച്ച് പഴഞ്ചൊല്ലുകൾ കൂടി.

- ഉടമയുടെ കണ്ണ് ഒന്നാംതരം വളം .
- കതിരിൽ വളം വച്ചിട്ടു കാര്യമില്ല.
- അടയ്ക്കയായാൽ മടിയിൽ വയ്ക്കാം അടയ്ക്കാമരമായാലോ?
- അടുത്തു നട്ടാൽ അഴക്, അകലത്തിൽ നട്ടാൽ വിളവ്.
- അമരത്തടത്തിൽ തവളകരയണം.
- ആരിയൻ വിതച്ചാ നവര കൊയ്യാമോ.
- ആഴത്തിൽ ഉഴുത് അകലത്തിൽ നടണം.
- ഇല്ലം നിറ വല്ലം നിറ പെട്ടി നിറ പത്തായം നിറ.



- ഉരിയരി ക്കാ ര ന എന്നും ഉരിയരി തന്നെ.
- ഉഴവിൽ തന്നെ കള തീർക്കണം
- എളിയ വരും ഏത്തവാഴയും ചവിട്ടും തോറും തഴയ്ക്കും
- കർക്കിടകത്തിൽ പത്തില കഴിക്കണം
- കുംഭത്തിൽ നട്ടാൽ കുടയോളം ,മീനത്തിൽ നട്ടാൽ മീൻകണ്ണോളം
- കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം
- കൂര വിതച്ചാൽ പൊക്കാളിയാവില്ല
- കൊന്ന പൂക്കുമ്പോൾ ഉറങ്ങിയാൽ മരുതു പൂക്കുമ്പോൾ പട്ടിണി
- ചേറ്റിൽ കൈകുത്തിയാൽ ചോറ്റിലും കൈ കുത്താം
- പുഴുതിന്ന വിള മഴകൊണ്ട് കൊയ്യണം
- പൂട്ടുന്ന കാളയെന്തിനു വിതയ്ക്കുന്ന വിത്തറിയുന്നു
- പൊന്നാരം വിളഞ്ഞാൽ കതിരാവില്ല
- മത്തൻ കുത്തിയാൽ കുമ്പളം മുളയ്ക്കില്ല
- മരമറിഞ്ഞു കൊടിയിടണം

കഥ

# കാത്തിരുപ്പ്



അപർണ സുരേഷ്.IX.D

കുളിരണിഞ്ഞ പ്രഭാതം അവൾ എന്നെയും എടുത്തുകൊണ്ട് മുറ്റത്തേക്കിറങ്ങി .അവളുടെ ഏട്ടൻ തീർത്ത കുഴിയിൽ അവളെന്നെ മെല്ലെ വെച്ചു.അവൾ പറഞ്ഞു "എന്റെ മോളെ നീ എളുപ്പം വളരണം കേട്ടോ മാഷ് നിന്നെ എന്റടുക്കെ തന്നപ്പം എന്തെല്ലാം പ്രതീക്ഷകളായിരുന്ന എനിക്ക് "അവൾ എന്നും എന്റെ ചുവട്ടിൽ നീരിറ്റിച്ചു.

ദിവസങ്ങൾ കഴിഞ്ഞു ഞാനും അവളും വളരുകയായിരുന്ന .എന്റെ ശിഖരങ്ങൾ പൂത്തുലഞ്ഞു ,മഞ്ഞ പുടവചുറ്റി നിൽക്കുന്ന ഒരു യുവതി ആയി ഞാൻ മാറി .അവൾ എന്നും എന്നോട് അവളുടെ വിശേഷങ്ങൾ പങ്കു വച്ചു. അവൾ മെല്ലെ എന്റെ ആത്മമിത്രം ആയി മാറി മഴക്കാലം വന്ന വർഷം അതിന്റെ എല്ലാ ശക്തിയും എടുത്തു തർന്നാടുകയാണ്. കലകൾ ഒരുപാട്ഓടിമറഞ്ഞു ഈ സമയത്താണന്ന തോന്നുന്ന ഞാനും അവളും തമ്മിലുള്ള ബന്ധത്തിൽ ചില  വിടവുകൾ സൃഷ്ടിക്കപ്പെട്ടു എന്നെനിക്കു തോന്നി .പക്ഷെ അതെന്റെ തോന്നൽ മാത്രം ആയിരുന്ന കാലം പിന്നെയും കാലമാകുന്ന തേരിൽ മറഞ്ഞു .പുതിയകാലത്തെ വരവേൽക്കാനായി ഭൂമി തന്റെ കവാടം തുറന്നിട്ടിരിക്കുന്ന .ഇന്ന് ഞാനും അവളും ഒന്നിച്ചാണ് ,മുത്തശ്ശി ആയ എന്റെ ചുവട്ടിൽ അവൾ സുഖമായുറങ്ങുന്നു.,ഒരിക്കലും ഉണരാത്ത ഉറക്കം .ഞാനും ആ നിദ്രയ്ക്ക് വേണ്ടി കാത്തിരിക്കുന്ന.ഇലകൾ കൊഴിഞ്ഞുകൊണ്ടേയിരിക്കുന്ന .

# ഉദയം



ആർച്ച.എ .വി, IX.A



## ഞാൻ എന്റെ കുട്ടിനെ തിരയുന്നു

ഒറ്റക്കുവന്ന ഞാൻ ഈ തറവാട്ടിലേക്ക്
ഒരു മുറം സ്വപ്നവുമായ്
ഒന്നും നടന്നീല എങ്കിലും ഞാൻ എന്റെ
സ്വപ്നത്തെ ഒറ്റയ്ക്ക് വിട്ടില്ല
ആരെയും ഇതുവരെ ഒറ്റക്കാക്കിയിട്ടില്ല
കൂടെ നിർത്തിയെ ശീലമുള്ളൂ
എന്നാൽ എന്ന് ഞാൻ ഒറ്റയ്ക്ക് മാറി
ഒരു കൂട്ടിനായി ഞാൻ കൊതിക്കുന്നു
പല ഇരുട്ടിലും ഞാൻ എന്റെ കൂട്ടിനെ തിരയുന്നു
എന്നാൽ ഇതുവരെയും ഞാൻ എന്റെ കൂട്ടിനെ കണ്ടില്ല
എന്ന് ഞാൻ കാണുമെന്നെനിക്കറിയില്ല



അഞ്ജലി ശാന്തി IX.A

# കഥകളി





അഭിനന്ദ്.എം ,IX.A

കേരളത്തിന്റെ തനതായ ശാസ്ത്രീയ ദൃശ്യകലാരൂപമാണ് കഥകളി. ശാസ്ത്ര ക്കളി, ചാക്യാർക്കൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം അഷ്ടപദിയാട്ടം, ദാസിയാട്ടം, തെരുക്കൂത്ത്, തെയ്യം,തിറ, പടയണി തുടങ്ങിയ ക്ലാസ്സിക്കൽ - നാടൻകലാരൂപങ്ങളുടെ അംശങ്ങൾ കഥകളിയിൽ ദൃശ്യമാണ്. 17, 18 നൂറ്റാണ്ടുകളിലായി വികസിതമായ ഈ കലാരൂപം ഒരുകാലത്ത് വരേണ്യവിഭാഗങ്ങൾക്കിടയിൽ മാത്രം ഒതുങ്ങനിന്നിരുന്നുവെങ്കിലും ഇരുപതാം നൂറ്റാണ്ടിൽ മഹാകവി വള്ളത്തോൾ അടക്കമുള്ള ഉത്പതിഷ്ണുകളുടെ ശ്രമഫലമായി ഇന്ന് ലോകപ്രസിദ്ധി കൈവരിച്ചിരിക്കുന്നു. പതിനേഴാം നൂറ്റാണ്ടിലാണ് കഥകളി ഉദ്ഭവിച്ചത്. കൊട്ടാരക്കരത്തമ്പുരാൻ രാമായണത്തെ എട്ട് ദിവസത്തെ കഥയാക്കി വിഭജിച്ച് നിർമിച്ച രാമനാട്ടമാണ് പിൽക്കാലത്തു കഥകളിയായി പരിണമിച്ചത്. 1555 നും 1605 നും ഇടയ്ക്കാണ് രാമനാട്ടം ഉണ്ടാക്കിയത് എന്നാണ് പറയപ്പെടുന്നത്.രാമായണകഥയെ ഒൻപത് ഭാഗങ്ങളാക്കി ഭാഗിച്ച് 8 ദിവസം കൊണ്ടായിരുന്നു ആദ്യകാല അവതരണം. സംഘക്കളി, അഷ്ടപദിയാട്ടം, തെയ്യം, പടയണി, കൂടിയാട്ടം, തെരുക്കൂത്ത് എന്നിങ്ങനെ ഒട്ടേറെ കലാരൂപങ്ങളിൽ നിന്നും സ്വാംശീകരിച്ചെടുത്തിട്ടുണ്ട്. രാമനാട്ടത്തിന്റെ അപരിഷ്കൃത അവതരണരീതികൾക്ക് മാറ്റം സംഭവിച്ചത് കല്ലടിക്കോടൻ, കപ്ലിങ്ങാടൻ, വെട്ടത്തുനാടൻ എന്നീ പരിഷ്കാര സമ്പ്രദായങ്ങളിലൂടെയാണ്. അഭിനേതാവ് തന്നെ ഗാനം ചൊല്ലി ആടുന്ന രാമനാട്ടരീതിക്ക് മാറ്റം വരുത്തി പിന്നണിയിൽ ഗായകരുടെ പാട്ടിനനുസരിച്ച് നടൻ അഭിനയിക്കുന്ന രീതി കൊണ്ടുവന്നത് വെട്ടത്തുനാടൻ സമ്പ്രദായമാണ്. ആട്ടത്തിനു ചിട്ടകൾ ഏർപ്പെടുത്തിയതും കൈമുദ്രകൾ പരിഷ്ക്കരിച്ചതും കല്ലടിക്കോടൻ സമ്പ്രദായമാണ്. അഭിനയരീതിയുടെ ഒതുക്കം ആണ് കല്ലുവഴിച്ചിട്ടയുടെ പ്രധാനസംഭാവന. കലാശങ്ങൾ, ഹസ്താഭിനയം എന്നിവയിലാണ് ഈ ശൈലീപ്രകാരം പരിഷ്കാരം നടന്നത്.കഥകളിയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ. ജയദേവരുടെ ഗീതാഗോവിന്ദത്തിന്റെ മാതൃക പിന്തുടരുന്ന സംസ്കൃതനാടകങ്ങളിൽ നിന്നും വ്യത്യസ്തമായി ഹൃദ്യമായ പദാവലികളും ശ്രുതിമധുരമായ സംഗീതവും ആട്ടക്കഥകളിൽ പ്രകടമാണ്. പദങ്ങളായും ശ്ലോകങ്ങളായുമാണു ആട്ടക്കഥ രചിക്കുന്നത്. ആട്ടകഥകളിലെ പദങ്ങളാണ് കഥകളിയിൽ പാടി അഭിനയിക്കപ്പെടുന്നത്. ശ്ലോകങ്ങൾ രംഗസൂചനയും കഥാസൂചനയും നൽകുന്നതിനുള്ള സൂത്രധാര ഉപാധിയായാണ് ഉപയോഗിക്കുന്നത്. കൂടാതെ അരങ്ങിൽ അവതരിപ്പിക്കാൻ ബുദ്ധിമുട്ടുള്ള കാര്യങ്ങളും ശ്ലോകങ്ങളിലൂടെ അവതരിപ്പിക്കുന്നു.

കവിത

# അമ്മ മനസ്



അനുപമ .എസ് ,IX.A

അമ്മയുടെ മനസ്സറിഞ്ഞാൽ
ഞങ്ങൾ ആരോടും മിണ്ടാതെ പശ്ചാത്തപിക്കും
അതിനുള്ളിൽ ഒളിപ്പിച്ച രഹസ്യങ്ങൾ
കണ്ടാൽ ആർക്കും ഇണ്ടൽ തോന്നിപ്പോകും
അമ്മയേക്കാൾ വേറെ സത്യമില്ലന്നു ഞാൻ
അറിയാൻ വൈകിപ്പോയി

അമ്മ മനസിലെ  ആശക്കൊട്ടാരം
കാണാതെ പോയത് എന്റെ തെറ്റ്
ആ സത്യ വാചകം കേട്ടിരുന്നെങ്കിൽ
ഇന്നെന്റെ ഗതി  ഇങ്ങനെ ആകുമായിരുന്നു
ആ കണ്ണുകളിലൂടെ ഒഴുകിയ സ്വപ്നങ്ങൾ
ആരുമറിഞ്ഞതേ ഇല്ല
അമ്മ മനസിലെ ചീട്ടുകൊട്ടാരം തകർ -
ന്നടിയുന്നതു കാണാൻ വയ്യ
ആ മനസിന്റെ ചെപ്പ്  ഒരിക്കലെങ്കിലും
പുനർജനിക്കുമോ

ഗംഗയിൽ മുങ്ങി കുളിച്ചാലും ഞാൻ
അമ്മയോട് ചെയ്ത ക്രൂരത
ഒരിക്കലും മാറുകയില്ല.

# History of Chemistry



Modern chemistry emerged from the 16th through the 18th century through the material particles and theories promoted by alchemy,medicine,manufacturing and mining. A decisive moment came when chemistry was distinguished from alchemy by Robert Boyle in his work 'The Sceptial chemist in 1661;although the all chemical

*VINDHYA VENU IX .A*

tredition continued for some time after his work . Other important steps included the gavimetric expirimental particles of medical chemists like william cullen ,joseph black,torbern bergman and pierre macquer and through the work of antoine lavoisier(Father of modern chemistry) on oxigen and law of concervation of mass which refuted phlogiston theiory,the theiory that all matter is made up of atoms,which are the smallest constituents of matter that canot be brocken in down with out lucing the basic chemical and physical properties of that matter ,was providede by John dalton in1803 aithough the question took ahundred years to settle as proven.dalton also formulated the law of mass relation ship.In1869 ,dmitri mandeleev compost is periodic table on the basics of Daltons discoveries.

# സമയത്തിന്റെ വില

ദയ സുദർശനൻ IX. D



ഒരു വർഷത്തിന്റെ വില അറിയാൻ

പരീക്ഷയിൽ ഒരു വർഷം തോറ്റ വിദ്യാർത്ഥി യോട് ചോദിക്കൂ .......

ഒരു മാസത്തിന്റെ വില ദിവസം തികക്കാതെ പ്രസവിച്ച ഒരു ശിശു വിന്റെ മാതാവ് പറയും ........

ഒരു ആഴ്ച യുടെ വില ഒരു വാരികയുടെ പത്രാധിപർക്ക് അറിയാം .........

ഒരു ദിവസത്തിന്റെ വില ഒരു ദിനപത്രത്തിന്റെ ഉടമക്ക് അറിയാം ........

ഒരു മണിക്കൂറിന്റെ വില പരീക്ഷ എഴുതുന്ന ഒരു കുട്ടിക്ക് അറിയാം.....

ഒരു മിനിറ്റിന്റെ വില തീവണ്ടി കിട്ടാതെ സ്റ്റേഷനിൽ നിന്ന് മടങ്ങുന്ന യാത്രക്കാരൻ മറക്കില്ല ......

ഒരു സെക്കൻഡിന്റെ വില ഒരു വാഹനാപകടത്തിൽ നിന്ന് രക്ഷപെട്ട ഒരാളിന്റെ ജീവന് തുല്യം .....

ഒരു മില്ലി സെക്കൻഡിന്റെ വില ഒരു കായിക താരത്തിനെ അറിയൂ ......

കവിത

# സ്നേഹനിധി



സ്നേഹക്കനലായ് വന്ന എൻ മുന്നിൽ

ദൈവത്തെപ്പോലെ വിളങ്ങി

തെറ്റുകൾ ചെയ്യുപ്പോൾ കുറ്റംപറയാതെ

നന്മകൾ ഉള്ളിൽ നിറച്ച

എൻ ചിരികണ്ടവർ പുഞ്ചിരിച്ച

ഏങ്ങയം കണ്ടവർ ഉല്ലസിച്ച

ആർച്ച .എ.എസ്,IX.A

ലോകം എന്താന്ന് പടിപ്പിച്ചവർ

കരുണ എന്തെന്നും പറഞ്ഞു തന്ന

ആവശ്യം എല്ലാം നിറവേറ്റി തന്നൊരാ

മാതാപിതാക്കൾതൻ ഉള്ളിലായി ഞാൻ

കളിയും ചിരിയും കുസൃതിയും ദുഃഖവും

ആകുന്ന ജീവിതം താണ്ടുകയാ

പോയ കാലത്തേക്ക് നോക്കുമ്പോൾ എന്നുള്ളിൽ

രണ്ടു മുഖങ്ങൾ തെളിഞ്ഞു കാണാം

ഈ രണ്ടു ദീപങ്ങൾ എന്മുന്നിൽ

തെളിയിച്ച ദൈവത്തിനോടൊരഭ്യര്ഥന

എന്നുമെൻ മുന്നിൽ വെളിച്ചമായി വന്നൊരെൻ

മാതാപിതാക്കളെ കാത്തോളണേ

ജന്മങ്ങൾ ഇനിയുമുണ്ടെങ്കിൽ എന്നെ

അവരുടെ മകളായി ജനിപ്പിക്കണേ

GHSS Kuzhimathicadu

# മഴപഴംഞ്ചൊല്ലുകൾ



ജ്യോതിഷ് IX.C

കർക്കടകം കഴിഞ്ഞാൽ ദുർഘടംകഴിഞ്ഞു

കർക്കടകത്തിൽ പത്തില കഴിക്കണം

കർക്കിടക ഞാറ്റിൽ പട്ടിണി കിടന്നതു പുത്തിരി കഴിഞ്ഞാൽ മറക്കരുത്

കർക്കിടകച്ചേന കട്ടിട്ടെങ്കിലും തിന്നണം

കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം

കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും വിള

തുലാപത്ത് കഴിഞ്ഞാൽ പിലാപൊത്തിലും കിടക്കാം

മകരത്തിൽ മഴ പെയ്താൽ മലയാളം മുടിഞ്ഞു പോകും

മീനത്തിൽ മഴ പെയ്താൽ മീനിനും ഇരയില്ല

മേടം തെറ്റിയാൽ മോടൻ തെറ്റി

വെയിലും മഴയും കുറുക്കന്റെ കല്ല്യാണം

ആർച്ച .ജെ .എസ്,IX.A





# അമ്മ നിലാവ്

എൻ സങ്കടം ഉള്ളിലൊതുക്കി
ഒരു ചെറു പുഞ്ചിരി കാണിച്ച
എന്നെ മാറിൽ ചേർത്ത് തലോടിടുന്ന
സങ്കടങ്ങൾ ഉള്ളിലൊതുക്കി
പുറമെ ചിരിച്ച മറ്റുള്ളവരെ
സന്തോഷിപ്പിക്കുന്നവൾ അമ്മ
സ്വന്തം ആഗ്രഹങ്ങൾ മറന്ന
ഭർത്താവിനെയും കുടുംബത്തെയും
പരിചരിക്കുന്നവൾ ഒരുനല്ല ഭാര്യ
എത്ര വിഷമം മനസിലുണ്ടെങ്കിലും
പുറത്തു പുഞ്ചിരി കാണിച്ച മറ്റുള്ളവരെ
സന്തോഷിപ്പിക്കുന്നവൾ അമ്മ
മുതിർന്നവരെ സ്വന്തം
കുടുബാംഗങ്ങളെ പോലെ കണ്ടു
പരിചരിക്കുന്നവൾ ഒരു നല്ലമകൾ
ഒരു മഴ വന്നെന്നെ തലോടുന്ന
തുപോലെ എന്റെ സങ്കടങ്ങൾ
അമ്മ മാറോടു ചേർക്കും



ശരണ്യ രാജ് .IX.A

# സ്വാന്തനം

വഴിത്താരിൽ നിനക്ക് തണലാകിലും
വിടർത്തിയചില്ലകൾനിനക്ക്ഊഞ്ഞാൽ ആകിലും
ലാളിച്ച നട്ട നിന്റെ കൈകൾ
മഴവായ് മാറുന്നതെങ്ങിനെ
എന്തിനെന്നെ ശിക്ഷിച്ച നീ
നിറയെ പൂത്തതിനോ കായിച്ചതിനോ
പടർന്ന പന്തലിച്ചതിനോ
എങ്കിലും എന്നെ വെട്ടി മുറിപ്പെടുത്തും വരെ
നിനക്കായ് മലർ മെത്തകൾ ഒരുക്കിടാം
ഇലച്ചാർത്തൊരു പുതപ്പായി നൽകിടാം
ഒരു കുടക്കിഴിൽ നിന്നെ അണച്ചിടാം
ഒരിറ്റു ദാഹ നീരിനായി നീ കേണിടുമ്പോൾ
ഒരു വസന്ത കാലമായി നിന്നെ തഴുകിടാം
ഓർമകളില്ലാതെ നീ അലയുമ്പോഴും
ഒരു ത്തവലായ് നിന്നെ തഴുകിയുറക്കിടാം
ഇനിയൊരു ജന്മമുണ്ടെങ്കിലും ഞാൻ , നിന്റെ വഴിയോരങ്ങളിൽ മരമായിടം



ചന്ദന.ബി ,IX.D

# സൗഹൃദം



നിമിത.എ ,IX.A

ഓർമ്മ തൻ ചെപ്പുകൾ കോരിത്തരിക്കുമ്പോൾ
ഒരുന്നൂറ് ഓർമ്മകൾ മനസ്സിൽ വന്നെത്തുന്നു
അറിയാതെ ഓർക്കുന്നു ആ കുട്ടിക്കാലത്തെ
തളരാതെ സ്നേഹവും വാശിയും ദേഷ്യവും
അറിയാതെ അലിഞ്ഞ സൗഹൃദത്തെ
നെഞ്ചോടു ചേർത്തോമ്മാനിച്ച കുഞ്ഞു സ്വപ്നങ്ങളെ
നുള്ളിയും പിച്ചിയും ചിരിച്ചും കളിച്ചും
കൂട്ടായി നിഴലായ കൂട്ടുകാരെ
താങ്ങും തണലും സന്തോഷവും നൽകി
മനസിന്റെ മറവിയിലേക്കോടിപ്പോയ വരെ
പറയാതെ വയ്യെന്റെ ഉള്ളം തുടിക്കുന്നു
ആ കൊച്ചു കാലം തിരിച്ചു കിട്ടാൻ
നിസ്വാർത്ഥ സ്നേഹത്തിൻ പരിയ്യായംആയൊരു
ബാല്യ കാലത്തിന്റെ ശീതമയം
ഇന്നും അറിയാതെ കാത്തുസൂക്ഷിച്ചിടും
ആത്മ സൗഹൃദത്തിന്റെ നൊമ്പരപ്പൂ
ഇന്നും ഞാൻ ഓർത്തിടും മനസിന്റെ
താളിലെ മഴവില്ലിൻ നിറമുള്ള ഓർമകളെ
ഓര്മ തൻ അഗ്നിയിൽ നീറിയടങ്ങുമ്പോൾ
പറയാതെ വയ്യന്റെ ചിത്രതാര്
തിരികെ വരുമോ തിരിച്ചു കിട്ടുമോ
ആ ബാല്യ കാലത്തിന്റെ സ്നേഹ സ്പർശം

GHSS Kuzhimathicadu

# നിനക്കായ്



അമൃത അശോക് .IX.A

അന്ന ഞാൻ ആദ്യമായ് കണ്ടു നിന്നെ
ഏകയായി ക്ലാസ്സിൽ വിഷാദവും പൂണ്ടു നീ
ആരെയോ തുറിച്ചങ്ങു നോക്കി നിൽക്കേ
മെല്ലെ എടുത്തിട്ട് അരികിലിരുന്നു ഞാൻ
ആരുനീ എന്നൊരു ചോദ്യവുമായി
നിൻ മുഖത്ത് അന്ന മറഞ്ഞൊരപുഞ്ചിരി
ഓർക്കുന്നു ഇപ്പോഴും വെമ്പലോടെ
നാളുകൾ പലതങ്ങു കഴിഞ്ഞുപോയി
അറിയാതെ അടുത്തു നാം രണ്ടു പേരും
എന്നിലെ വേറിട്ടു നീ തുടച്ചു മാറ്റി
നന്മയും വെളിച്ചത്തെ തിരിച്ചു തന്നു
ഇണങ്ങിയും പിണങ്ങിയും നമടുത്തു
എന്നിലെ ലോകം ഞാൻ കണ്ടു നിന്നിൽ
അറിയാതെ നീ എന്റെ ജീവനായി
ദുഃഖങ്ങൾ പരസ്പരം പങ്കുവച്ചു
സ്വാന്തനമായ നിൻ വാക്കുകളിൽ
വിസ്വസിപ്പു ഞാൻ അന്നും ഇന്നും
മറുപറമ്പായ എൻ മനസത്തിൽ
നീ മന്ദാരപ്പൂവിന്റെ അരികൾ നട്ടു
ശീതമായി നീ വന്നു തണുപ്പിച്ച മാനസം
വസന്തമായി വന്നങ്ങു പന്തലിച്ചു
അറിവിനായി ഇവിടെ നാം ഒത്തു ചേർന്നു
ഇനിയിതാ പിരിയുവാൻ സമയമായി
അറിയില്ല എനിക്ക് നിന്നെ പിരിയുവാൻ
എന്നെയും വിട്ടിട്ടു പോകുമോ നീ
തിരിച്ചു കിട്ടില്ല പോയ ഈ നാളുകൾ ഒന്നുമേ
ബാക്കി എൻ ജീവിതം ജീവിച്ചു തീർക്കുവാൻ
നൽകി നീ സുഖമുള്ള ഓർമ്മകൾ

# നീലാകാശം



**രൂപ.എൽ ,IX.C**

**എതിരില്ലാതെ പരന്നുകിടപ്പുണ്ടാകാശം നീലാകാശം**
**അവിടെ പക്ഷി കണക്കെ പായാൻ കവിയുന്നുണ്ടേ മോഹം**
**ആരു കൊടുത്തു  ശക്തി മനസ്സിന് ദൂരം തരണം ചെയ്യാൻ**
**ചിറകില്ലാത്ത രഥമില്ലാതെ പറക്കാനെങ്ങനെയാവും**
**ചിറകില്ലാതെ പറക്കാൻ ആമോ  ചിന്താശൂന്യതയല്ലേ**
**നീലാകാശത്തിൽ കയറിപ്പോകാം സന്തോഷമില്ലേ വേറെ**
**എന്നാലെന്റെ മനസിനുചെല്ലാമെല്ലാദിക്കിലുമൊപ്പം**
**അതിനാൽ മനസിന് ശക്തി കൊടുത്തു ദൂരം തരണം ചെയ്യാൻ .**



## AMAZING SCIENCE FACTS

ഐശ്വര്യ .എച്, IX.B

1) 20% OF EARTHS OXYGEN IS PRODUCED BY THE AMAZON RAIN FOREST.

2) CHALK IS MADE FROM TRILLIONS OF MICROSCOPIC PLANKTON FOSSILS.

3) IT TAKES 8 MINUTES,19 SECONDS FOR LIGHT TO TRAVEL FROM SUN TO THE EARTH.

4) HOT WATER FREEZES FASTER THAN COLD WATER.

5) EVERY YEAR OVER ONE MILLION EARTHQUAKES SHAKE THE EARTH.

6) AN ELECTRIC CEL CAN PRODUCE A SHOCK OF UP TO 650 VOLTS.

# ജലംഅമൃത്



ആദർശ്.എസ്,IX.D

അമ്മതൻ അമ്മിഞ്ഞപ്പാലൂറുന്ന
കുഞ്ഞുകിടങ്ങൾ എന്നപോൽ
ഭൂമിയമ്മതൻ ഉദരത്തിൽ നിന്നതിരുന്ന
ഇളംതണ്ണീർ അതല്ലേ പാൽ
അവളുടെ പാലതുറുന്ന   സസ്യങ്ങൾ
അതുപോൽദാഹജലമാക്കി ജന്തുക്കൾ
അല്ലയോ മനുജാ നിനക്കും ആവശ്യമല്ലേ
നിനക്കും ആ അമ്മയുടെ പാൽ
പിന്നെന്തിനു നീ പാഴാക്കി
അമ്മയുടെ ആ പരിശുദ്ധ അമൃതിനെ
സംരക്ഷിക്കൂ രക്ഷിക്കൂ
നിങ്ങളുടെ തലമുറക്കായി ഒരു തുള്ളി .

# അമ്മ

കുഞ്ഞിളം ചുണ്ടിൽ അമ്മിഞ്ഞ നൽകിയും
കൊച്ചരിപല്ലിൻ ചിരിയും കണ്ടു
എന്നുള്ളിൽ ആനന്ദം നൽകിയ
എൻ 'അമ്മയാണെന്റെ ദൈവം
എന്നിലെ കുസൃതിയും വികൃതിയും കണ്ടു
എന്നിലെ തിന്മയെ നീക്കിയകറ്റി
എന്നുള്ളിൽ നന്മയ്ക്കു വിത്ത് വിതറി
എൻ അകതാരിൽ നിറഞ്ഞെന്റെ 'അമ്മ
വിദ്യാലയത്തിൽ നിന്ന് ഞാൻ
നന്മയാം അറിവുകൾ നേടി
മത പിതാ ഗുരു ദൈവമെങ്കിലും
പെറ്റമ്മയാണിന്നെന്റെ ദൈവം

# അശ്രദ്ധ



അമീർഖാൻ .IX.C

ബുദ്ധിമാനും നയതന്ത്രജ്ഞനും ആയ രാജാവ് ആയിരുന്നു സിംബൽ .ഈ രാജാവിന് ശ്രദ്ധ വളരെ കുറവായിരുന്നു .അങ്ങനെ ഇരിക്കുമ്പോൾ അദ്ദേഹത്തിന് കൂടുതൽ വിദ്യകൾ അഭ്യസിക്കണമെന്നു തോന്നി .ഈജിപ്റ്റിൽ യുവാൻ എന്നൊരു പണ്ഡിതൻ ഉണ്ടായിരിന്നു .ഇതറിഞ്ഞതോടെ യുവാൻ അദ്ദേഹത്തിന്റെ കീഴിൽ വിദ്യ അഭ്യസിക്കാൻ എത്തി .അപ്പോൾ പണ്ഡിതൻ പറഞ്ഞു എപ്പോഴും പഠിപ്പിൽ മാത്രം ശ്രദ്ധിക്കുന്നവരെയെ ഞാൻ ശിഷ്യർ ആക്കാറുള്ളു .യുവരാജാവായ നിനക്ക് പഠിപ്പിൽ വേണ്ടത്ര ശ്രദ്ധിക്കാൻ ആവില്ല. രാജാവാകുന്നകാര്യത്തെക്കുറിച്ചും സ്വന്തം കുടുബകാര്യത്തെ കുറിച്ചുമൊക്കെയാകും നിന്റെ ചിന്ത .സിംബലിന് ദേഷ്യവും സങ്കടവും ഒക്കെ വന്നു .യുവരാജാവാണെന്നകാര്യം ഒക്കെ മറന്നു പഠിച്ചുകൊള്ളാം എന്നുപറഞ്ഞു. പക്ഷേ യുവാൻ അത് സമ്മതിച്ചില്ല .ഇതറിയാൻ വേണ്ടി യുവാൻ ചില പരീക്ഷണങ്ങൾ നടത്തി ."ഞാൻ ചില കാര്യങ്ങൾ പറയും അത് തെറ്റായാലും ശരിയായാലും അതെ എന്ന് മാത്രമേ ഉത്തരം പറയാവൂ".സിംബൽ അത് സമ്മതിച്ചു .ഉടനെ പണ്ഡിതൻ പറഞ്ഞു ഞാൻ സ്വർഗത്തിൽ നിന്ന് വന്നു."അതെ" നീ ഒരു മണ്ടൻ ആണ്"അതെ ".ഒരുനുണയന്റെ മകനാണ് നീ "അല്ല".പെട്ടന്ന് സിംബൽ അറിയാതെ പറഞ്ഞു പോയി .ഉടനെ യുവാൻ പൊട്ടി ചിരിച്ചു .:കണ്ടോ നിന്റെ ശ്രദ്ധ ഇല്ലാതായത് ,അതെ എന്നാണ് ഉത്തരം പറയേണ്ടത് എന്ന് നീ മറന്നു .ഇങ്ങനെ ഉള്ള നിന്നെ ഞാൻ എങ്ങനെ ശിഷ്യൻ ആക്കും?.സിംബൽ ലജ്ജയോടെ മടങ്ങി .

ഇതിലൂടെ സിംബൽ രാജാവ് ഒരുകാര്യം ഉറപ്പിച്ചു ബുദ്ധിയും വിദ്യയും പഠിച്ചാലും നല്ല ശ്രദ്ധ ഉള്ളവന് മാത്രമേ വിജയം കൈവശമാക്കാൻ സാധിക്കുകയുള്ളു .

# ചെന്നായയും ആട്ടിൻകുട്ടിയും



ആദിത്യ .എസ് ,IX.A

ഒരിക്കൽ കുറെ ആട്ടിൻപറ്റം കാട്ടിലൂടെ മേഞ്ഞു നടക്കുകയായിരുന്നു. കൂട്ടത്തിലൊരു കുഞ്ഞാട് കൂട്ടം തെറ്റിപ്പോയി. കൂട്ടുകാരെല്ലാം കുറെ ദൂരെ എത്തിക്കഴിഞ്ഞതൊന്നും അവനറിഞ്ഞില്ല.



അവൻ അറിയാത്ത മറ്റൊരു കാര്യം കൂടി ഉണ്ടായിരുന്നു; ഒരു ചെന്നായ അവന്റെ പിന്നാലെ നടക്കുന്ന കാര്യം!

കുഞ്ഞാട്തനിച്ചാണെന്ന് ഉറപ്പു വരുത്തിയ ശേഷം ചെന്നായ അവനു മേൽ ചാടി വീണു.

"ആട്ടിറച്ചി കഴിച്ചിട്ട് നാളേറെയായി," ചെന്നായ നാവു നൊട്ടി നുണഞ്ഞുകൊണ്ട് പറഞ്ഞു.

രക്ഷപെടാൻ ഒരു മാർഗത്തിനായി കുഞ്ഞാട് തലപുകഞ്ഞാലോചിച്ചു. അവൻ എങ്ങനെയൊക്കെയോ ധൈര്യം സംഭരിച്ച് ചെന്നായയോട് സംസാരിക്കാൻ തുടങ്ങി.

"എന്നെ തിന്നോളൂ. പക്ഷേ , രുചിയുള്ള ആട്ടിറച്ചി തിന്നണമെങ്കിൽ അല്പം കാത്തിരിക്കണം."
"അതെന്താ?" ചെന്നായ അന്തം വിട്ടു.
"ഞാൻ ഇപ്പോൾ വയറുനിറച്ചും പുല്ല് തിന്നതേയുള്ളൂ . ഇപ്പോൾ എന്നെ തിന്നാൽ പുല്ല് തിന്നുന്നതു പോലിരിക്കും." ആട്ടിൻകുട്ടി പറഞ്ഞു .
" അതു ശരിയാണല്ലോ!" ചെന്നായയ്ക്കു തോന്നി.
"പുല്ലൊക്കെ ദഹിച്ചു കഴിഞ്ഞാൽപ്പിന്നെ ആട്ടിറച്ചിയുടെ രുചി കൂടും , അറിയില്ലേ?കുഞ്ഞാട് വീണ്ടും പറഞ്ഞതു കൂടി കേട്ടതോടെ ചെന്നായയ്ക്ക് കൊതി സഹിക്കാനായില്ല.
"ഹും ! ദഹിക്കാൻ എത്ര സമയം വേണം?" ചെന്നായ ചോദിച്ചു.
"നൃത്തം ചെയ്താൽ വേഗം ദഹിക്കും. എന്റെ കഴുത്തിൽ കെട്ടിയ ഈ മണി ഒന്നു കിലുക്കിത്താ . എന്നാലേ എനിക്ക് നൃത്തം ചെയ്യാൻ തോന്നൂ ." കുഞ്ഞാട് പറഞ്ഞു. എന്നിട്ടു സ്വന്തം കഴുത്തിലെ മണി അഴിച്ചെടുത്ത് കൊടുത്തു.

ചെന്നായയ്ക്ക് സന്തോഷമായി. എന്നിട്ട് കുഞ്ഞാട് കൊടുത്ത മണി ആഞ്ഞാഞ്ഞ് കിലുക്കിത്തുടങ്ങി.

"ണിം.....ണിം....ണ്ണീം .....ണ്ണീം....."
കുഞ്ഞാട് മണി കിലുങ്ങുന്ന ശബ്ദത്തിനനുസരിച്ച് നൃത്തം ചെയ്യാനും തുടങ്ങി.

മണിയുടെ ഉച്ചത്തിലുള്ള ശബ്ദം അപ്പോഴാണ് ആട്ടിടയൻ കേട്ടത്. അയാൾ വന്നു നോക്കുമ്പോഴതാ തന്റെ കുഞ്ഞാടിനടുത്ത് ഒരു
ചെന്നായ നിന്ന് മണി കിലുക്കുന്നു! അയാൾ കൈയിലുള്ള വടിയെടുത്ത് ചെന്നായയുടെ മുതുകത്ത് ....'പ്ടേ..!.' "ഹമ്മോ..." ചെന്നായ കരഞ്ഞു കൊണ്ട് ഒറ്റയോട്ടം!

**ഗുണപാഠം ::അപകടസമയത്ത് വേണ്ടതുപോലെ ബുദ്ധി ഉപയോഗിച്ചാൽ രക്ഷപെടാം.**

# കണക്കിലെ കളികൾ



5+3+2= 15.10.22

9+2+4= 18.36.52

8+6+3= 48.24.66

5+4+5= 20.25.41

ഗീതു പ്രദീപ് ,IX.A

എങ്കിൽ,

7+2+5= ??.?? .??

.

.

.

.

.

ഉത്തരം = 14.35.47

GHSS Kuzhimathicadu

# അപ്പൂപ്പനും അമ്മൂമ്മയും ചാമ്പങ്ങയും



ഒരിടത്തൊരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു. ആമിന ,IX.C

അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പ മരം ഉണ്ടായിരുന്നു. ആ ചാമ്പ മരത്തിൽ നിറയെ ചാമ്പങ്ങ ഉണ്ടായി.

ചാമ്പമരം മുഴുവൻ ചാമ്പങ്ങ പഴുത്തു കിടക്കുന്നത് കാണുവാൻ നല്ല രസമായിരുന്നു.

അങ്ങനെയിരിക്കെഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു. "എന്ത് രസമാണ് ചാമ്പങ്ങ പഴുത്തു കിടക്കുന്നതു കാണുവാൻ. നമുക്ക്ഇതാർക്കും കൊടുക്കേണ്ട. അടുത്ത വീടുകളിലെകുട്ടികൾ വരുമ്പോൾ നമുക്കവരെ ഓടിക്കാം."

ഇതുകേട്ട് അപ്പൂപ്പൻ പറഞ്ഞു. "ശരിയാ , ഇതാർക്കും കൊടുക്കേണ്ട. നമുക്കും കഴിക്കേണ്ട. എന്നും കണ്ടു കൊണ്ടിരിക്കും."

അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവലിരുന്നു.അവർ ചാമ്പങ്ങ പറിക്കാൻ വന്ന കുട്ടികളെയെല്ലാം ഓടിച്ചു. അവർ പഴുത്തു ചുവന്ന ചാമ്പങ്ങ സന്തോഷത്തോടെകണ്ടു കൊണ്ടിരുന്നു.

അങ്ങനെയിരിക്കെ അവരുടെ ചാമ്പങ്ങ രാത്രിയിൽ ആരോ പറിക്കുന്നുണ്ടെന്ന് അവർക്കു മനസിലായി. അവർ ആളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അത് ഒരു മരപ്പട്ടിയാണെന്ന് അവർക്ക് മനസിലായി.

അപ്പൂപ്പനും അമ്മൂമ്മയും മരപ്പട്ടിയെ എങ്ങനെ പിടിക്കാം എന്ന് തല പുകഞ്ഞാലോചിച്ചു. അങ്ങനെ അമ്മൂമ്മക്കൊരു ഒരു ബുദ്ധി തോന്നി.

അമ്മൂമ്മ പറഞ്ഞു . "രാത്രി ആകുമ്പോൾ അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ ഇരിക്കണം. മരപ്പട്ടി വരുമ്പോൾ അതിനെ കുലുക്കി താഴേക്കിടണം.ഞാൻ ഒരു വടിയുമായി താഴെ ഇരിക്കാം. ഞാൻ അതിനെ അടിച്ചു കൊല്ലാം." അപ്പൂപ്പൻ സമ്മതിച്ചു.

അങ്ങനെ രാത്രിയായി. അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ പുതച്ചു മൂടി ഇരുന്നു. അമ്മൂമ്മ ചാമ്പ മരത്തിന്റെ ചുവട്ടിലും ഇരുന്നു. കുറെ നേരമായിട്ടും മരപ്പട്ടി വന്നില്ല. അപ്പൂപ്പന് ഉറക്കം വന്നു തുടങ്ങി. അപ്പൂപ്പൻ അങ്ങനെ ഇരുന്ന്ഉറങ്ങിപ്പോയി.ഉറങ്ങിമരത്തിൽ നിന്നു താഴേക്കുവീണു. രാത്രിയല്ലേ അമ്മുമ്മക്കുണ്ടോ കണ്ണു കാണാൻ പറ്റുന്നുള്ളൂ! അമ്മൂമ്മ മരപ്പട്ടിയാണെന്നു വിചാരിച്ച് അപ്പൂപ്പനെ അടിയോടടി.

അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. നിലവിളിക്കുന്ന ശബ്ദംകേട്ടപ്പോൾഅമ്മൂമ്മക്ക് തോന്നി."ഇത് മരപ്പട്ടിയുടെ സ്വരമല്ലല്ലോ. ഒരു മനുഷ്യന്റെ സ്വരം ആണല്ലോ ?" അമ്മൂമ്മ പുതപ്പു മാറ്റി നോക്കിയപ്പോൾ , അതാ പാവം അപ്പൂപ്പൻ അടി കൊണ്ട് അവശനായി കിടക്കുന്നു. അമ്മൂമ്മക്കും വിഷമമായി.

പിന്നീട് അവർ എല്ലാവർക്കും ചാമ്പങ്ങ കൊടുക്കാൻ തുടങ്ങി. കുട്ടികളുടെ സന്തോഷം കണ്ടപ്പോൾ അവർക്കും സന്തോഷം തോന്നി.

ഗുണപാഠം ::നമ്മുക്കുള്ളത് മറ്റുള്ളവരുമായി പങ്കു വച്ചാൽ സന്തോഷം ഇരട്ടിയാകും

# കുസൃതി ചോദ്യങ്ങൾ



ഫാത്തിമ ,IX.C

1) ആരും ആഗ്രഹിക്കാത്ത പണം ?

ആരോപണം

2 )തലയിൽ കാലുവച്ച നടക്കുന്ന ജീവി ?

പേൻ

3)വെള്ളത്തിൽ വീണാൽ നനയാത്ത വസ്തു ?

നിഴൽ

4)ആവശ്യമുള്ളപ്പോൾ വലിച്ചെറിയും ആവശ്യമില്ലാത്തപ്പോൾ സൂക്ഷിച്ച വയ്ക്കും ?

മീൻ വല

5)തലകുത്തി നിന്നാൽ വലുതാകുന്നതാര് ?

ആറ്

6)വെട്ടും തോറും നീളം കൂടുന്നതെന്ത് ?

വഴി

7)നട്ടാൽ മുളക്കാത്ത പയർ ?

അമ്പയർ

8)താമസിക്കാൻ പറ്റാത്ത വീട് ?

ചീവീട്

9)ആണുങ്ങൾ വലത്തേ കൈയേലും പെണ്ണുങ്ങൾ ഇടത്തെ കൈയേലും വാച്ച്കെട്ടുന്നത് എന്തിന്?

സമയം നോക്കാൻ

10)ഏറ്റവും ചെറിയപാലം ?

മൂക്കിന്റെ പാലം

11)സർക്കാർ ജീവനക്കാർക്ക് ഏറ്റവും ഇഷ്ടപ്പെട്ട ദിവസം ?

അവധി ദിവസം

12)സ്ഥാനം മാറുമ്പോൾ പേര് മാറുന്ന വസ്തു ?

മുടി

# സ്വാമി വിവേകാനന്ദൻ പറഞ്ഞ 10 കാര്യങ്ങൾ!



ജുനൈദ്:IX.A

അമേരിക്കയിലെ എന്റെ പ്രിയ സഹോദരീ സഹോദരന്മാരെ എന്ന് തുടങ്ങുന്ന വിശ്വപ്രസിദ്ധമായ പ്രസംഗത്തിനുടമയായ സ്വാമി വിവേകാനന്ദന്റെ ജന്മദിനമാണ് ജനവരി 12. രാജ്യം ദേശീയ യുവജന ദിനമായി ഈ ദിവസം ആഘോഷിക്കുന്നു. ഭാരതീയ യുവത്വത്തിന് വിവേകാനന്ദനെ പോലെ മറ്റൊരു പ്രതിനിധിയെ ചൂണ്ടിക്കാട്ടാനില്ല എന്ന കാര്യം ഏവരും ഒരു മനസായി സമ്മതിക്കുന്ന കാര്യമാണ്. "ലോകത്തിന്റെ അതിപ്രാചീന സന്ന്യാസിപരമ്പരയുടെ പേരിൽ ഞാൻ നിങ്ങൾക്ക് നന്ദി പറയുന്നു. മതങ്ങളുടെ മാതാവിന്റെ പേരിൽ ഞാൻ നിങ്ങൾക്ക് നന്ദി പറയുന്നു" എന്ന് 1893 ലെ ഷിക്കാഗോ സർവ്വ മത സമ്മേളനത്തിൽ പറഞ്ഞത് മുതലിങ്ങോട്ട് യുവാക്കളെ കോരിത്തരിപ്പിച്ച ഒരുപാട് വചനങ്ങൾ വിവേകാനന്ദന്റേതായി ഉണ്ട്. അവയിൽ ചിലത് കാണൂ...



## 1) ധനവും പദവിയുമല്ല വേണ്ടത്

ധനവും പദവിയും അധികാരവുമല്ല ആവശ്യം, ഹൃദയശുദ്ധിയാണ്

## 2)ഉത്തിഷ്ഠതാ ജാഗ്രതാ

എഴുന്നേൽക്കൂ, പ്രവർത്തിക്കൂ, ലക്ഷ്യം നേടും വരെ യത്നിക്കൂ - ഭാരതം സ്വാമി വിവേകാനന്ദന്റെ ഈ

*സിംഹഗർജനം കേട്ടാണ് നൂറ്റാണ്ടുകൾ നീണ്ട അടിമത്തത്തിന്റെ ആലസ്യത്തിൽ നിന്നും ഉണർന്നത്*

## 3)മതവും വിദ്യാഭ്യാസവും

വിദ്യാഭ്യാസത്തിലൂടെ മനുഷ്യനിലെ പൂർണ്ണതയെ വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. മതമാകട്ടെ മനുഷ്യനിലെ ദൈവികതയെ വെളിപ്പെടുത്തുകയാണ്

## 4) ഈശ്വരവിശ്വാസത്തെക്കുറിച്ച്

വിധവയുടെ കണ്ണുനീർ തുടയ്ക്കാനും അനാഥന് ആഹാരം കൊടുക്കാനും കഴിയാത്ത മതത്തിലും ഈശ്വരനിലും എനിക്ക് വിശ്വാസമില്ല.

## 5) സ്വാമിജിയുടെ ലോകം

വേദങ്ങളും ഖുറാനും ബൈബിളും സമഞ്ജസമായി സമന്വയിച്ചിരിക്കുന്ന ഒരു ലോകമാണ് ഞാൻ വിഭാവനം ചെയ്യുന്നത്.

## 6) അവനവനെ വിശ്വസിക്കുക

രാഷ്ട്രങ്ങളുടെ ചരിത്രം നോക്കിയാൽ നിങ്ങൾക്കൊരു വസ്തുത കാണാം അവനവനിൽ വിശ്വസിക്കുന്ന വ്യക്തികൾക്കു മാത്രമേ ശക്തിയും മഹത്ത്വവും ലഭിച്ചിട്ടുള്ളു എന്ന്.

## 7) ധീരന്മാർക്കുള്ളതാണ് ലോകം

ഈ ലോകം ഭീരുക്കൾക്കുള്ളതല്ല ഓടിയൊളിക്കാൻ നോക്കേണ്ട. വിജയത്തിന്റെയും പരാജയത്തിന്റെയും കഥ മറക്കു.

## 8) സത്യമാണ് വലുത്

ചെന്നെത്തുന്നതെവിടെയെങ്കിലുമാകട്ടെ സത്യത്തെ തന്നെ പിന്തുടരുക. ഭീരുത്വവും കാപട്യവും ദൂരെക്കളയുക.

## 9) ജോലി ചെയ്യേണ്ടത് എങ്ങനെ

അടിമയെപ്പോലെയല്ല ജോലി ചെയ്യേണ്ടത്, യജമാനനെപ്പോലെയാണ്, അവിരഹിതമായി ജോലി ചെയ്യുക, പക്ഷേ അടിമയുടെ ജോലിയാകരുത്.

## 10) യുവതലമുറയ്ക്ക് വേണ്ടത്

ഇരുമ്പിന്റെ മാംസ പേശികളും ഉരുക്കിന്റെ ഞരമ്പുകളും അതിമാനുഷമായി ഇച്ഛാശക്തിയുമുള്ള യുവതലമുറയാണ് നമുക്കാവശ്യമെന്നായിരുന്നു സ്വാമിജി കരുതിയിരുന്നത്.

# കലാം നൽകിയ 10 ജീവിത പാഠങ്ങൾ



റുക്സാന.എസ്,IX.C

കലാം ഈ ലോകത്ത് വെറുതേ ജീവിച്ച് പോയ ഒരു മനുഷ്യനായിരുന്നില്ല. ഒരുപാട് അടയാളപ്പെടുത്തലുകൾ നടത്തിയ ഒരു ചരിത്ര പുരുഷനായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം തന്നെ നമുക്ക് ഒരു പാഠപുസ്തകമാണ്. പ്രചോദനം നൽകുന്നതായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ. സ്വപ്നം കാണുന്നവരെ പുച്ഛിച്ചിരുന്ന ഒരു നാട്ടിൽ യുവാക്കളോട് സ്വപ്നം കാണാൻ ആവശ്യപ്പെട്ട മഹാനുഭാവൻ.അദ്ദേഹം വാക്കുകളിലൂടെ നൽകിയ 10 ജീവിത പാഠങ്ങൾ.

1)സ്വപ്നങ്ങൾ

ഒരു സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് മുമ്പ് നിങ്ങൾക്ക് അത് സ്വപ്നം കാണാൻ കഴിയണം.

2)മാതാ പിതാ ഗുരു

ഒരു രാജ്യം അഴിമതിരഹിതമാകണമെങ്കിൽ, മനോഹരമായ മനസ്സുകളുള്ളവരുടേതാകണമെങ്കിൽ- ഞാൻ കരുതുന്ന സമൂഹത്തിലെ മൂന്ന് പ്രധാന അംഗങ്ങൾക്ക് അതിന് കഴിയും. മാതാ, പിതാ, ഗുരു.

3)വ്യത്യസ്തമായി ചിന്തിയ്ക്കുക

യുവാക്കൾക്കുള്ള എന്റെ സന്ദേശം ഇതാണ്. നിങ്ങൾക്ക് വ്യത്യസ്തമായി ചിന്തിക്കാനുള്ള ധൈര്യമുണ്ടാകണം, പുതിയവ കണ്ടെത്താനുള്ള ധൈര്യം വേണം, ആരും സഞ്ചരിയ്ക്കാത്ത പാതകളിലൂടെ സഞ്ചരിയ്ക്കാനുള്ള ധൈര്യം വേണം, അസാധ്യമായവ കണ്ടെത്താനുള്ള ധൈര്യം വേണം, പ്രതിബന്ധങ്ങളെ കീഴടക്കി വിജയത്തിലെത്താനുള്ള ധൈര്യം വേണം

4)വിജയമന്ത്രം

ലക്ഷ്യത്തിലെത്തണമെങ്കിൽ നിങ്ങൾക്ക് ഏകാഗ്രമായ അർപ്പണ മനോഭാവം വേണം.

5)നേതാവ് ഞാൻ ഒരു നേതാവിനെ നിർവ്വചിയ്ക്കാം.

അദ്ദേഹത്തിന് കാഴ്ചപ്പാടും അഭിനിവേശവും വേണം. ഒരിയ്ക്കലും പ്രതിസന്ധികൾക്ക് മുന്നിൽ തളരരുത്. അതിനുമപ്പുറം പ്രശ്നങ്ങളെ എങ്ങനെ പരാജയപ്പെടുത്താമെന്ന് അറിയണം. ധർമനീതിയോടെ വേണം അയാൾ പ്രവർത്തിയ്ക്കാൻ.

6)സ്വപ്നങ്ങൾ

*വലിയ സ്വപ്നാടകരുടെ വലിയ സ്വപ്നങ്ങൾ എപ്പോഴും വിജയത്തിലെത്തിയിട്ടുണ്ട്.*

*7)ആകാശത്തേയ്ക്ക് നോക്കു*

*ആകാശത്തേയ്ക്ക് നോക്കു. നാം ഒറ്റയ്ക്കല്ല. പ്രപഞ്ചം മുഴുവൻ നമ്മോട് സൗഹൃദം പുലർത്തുന്നു. സ്വപ്നം കാണുന്നവർക്കും കഠിനാധ്വാനം ചെയ്യുന്നവർക്കും ഏറ്റവും മികച്ചത് നൽകാനായി ഗൂഢാലോചന നടത്തുന്നു.*

***8) ത്യാഗം***

നമുക്ക് നമ്മുടെ ഇന്നുകളെ ബലികൊടുക്കാം, നമ്മുടെ കുട്ടികളുടെ നല്ല നാളെകൾക്കായി

***9) പ്രതിസന്ധികൾ വേണം***

ഒരു വിജയം നേടുന്നതിന് മുമ്പ് ഏറെ പ്രതിസന്ധികൾ നേരിടണം. എന്നാലേ വിജയം ശരിയ്ക്കും ആഘോഷിയ്ക്കാൻ കഴിയൂ.

***10) ദൈവസഹായം***

നിങ്ങൾ നോക്കൂ... കഠിനാധ്വാനം ചെയ്യുന്നവർക്ക് മാത്രമേ ദൈവം സഹായം നൽകൂ.

ഒരു സെൻ കഥ

# ചായക്കോപ്പയിലെ പാഠം

സെൻ മാസ്റ്ററുടെ അന്നത്തെ അതിഥി ഒരു പണ്ഡിതൻ ആയിരുന്നു ."സെൻ മതത്തെ പറ്റി അറിയാൻ വന്നതാണ്"അദ്ദേഹം സ്വയം പരിചയപ്പെടുത്തികൊണ്ടു പറഞ്ഞു .

"ഇരിക്കൂ ചായ കുടിക്കൂ .അതിനു ശേഷം നമുക്ക് സംസാരിക്കാം "മാസ്റ്റർ പറഞ്ഞു .

മാസ്റ്റർ വീടിനുള്ളിൽ പോയി ചായയും കപ്പും കൊണ്ട് വന്നു.കപ്പ് അതിഥിയുടെ അടുത്തേക്ക് നീക്കി വച്ച് അതിൽ ചായ ഒഴിക്കാൻ തുടങ്ങി .

കപ്പ് നിറഞ്ഞു എന്നിട്ടും മാസ്റ്റർ ചായ ഒഴിക്കുന്നത് തുടർന്നു.കപ്പിൽ നിന്ന് ചായ പുറത്തേക്ക് ഒഴുകാൻ തുടങ്ങി ,പക്ഷെ മാസ്റ്റർ ചായ ഒഴിച്ച് കൊണ്ടേയിരുന്നു .

അതിഥി സഹികെട്ടു അദ്ദേഹം പറഞ്ഞു ."മാസ്റ്റർ കപ്പ് നിറഞ്ഞു ചായ പുറത്തേക്കൊഴുകുകയാണെന്നങ്ങു കാണുന്നില്ലേ ?"

"അങ്ങയെപ്പോലെ തന്നെ അങ്ങയുടെ മനസ്സും സ്വന്തം അഭിപ്രായങ്ങളെ കൊണ്ടും അനുമാനങ്ങളെ കൊണ്ടും മുൻവിധികളെക്കൊണ്ടും നിറഞ്ഞിരിക്കുകയാണ്.അത് ഒഴിച്ചുകളയാതെ പുതിയ അറിവുകൾക്ക് ഇടമെവിടെ?".



ദേവി പ്രിയ ,IX.D

# ഡാറ്റ എൻട്രി



അഭി സുരേഷ് ,IX.A

എന്താണീ ഡാറ്റ എൻട്രി പേര് സൂചിപ്പിക്കുന്നത് പോലെ കമ്പ്യൂട്ടറൈസ്ഡ് ഡാറ്റ ബേസിലേക്കോ സ്പ്രെഡ് ഷീറ്റിലേക്കോ ഡാറ്റ എന്റർ ചെയ്യുന്നതിനെയാണ് ഡാറ്റ എൻട്രി എന്ന് വിളിക്കുന്നത്. ഇത്തരത്തിലുള്ള ജോലി നിർവഹിക്കുന്നവർക്ക് ഡാറ്റ എൻട്രി ഓപ്പറേറ്റർ എന്നാണ് പേര്. കൈ കൊണ്ടെഴുതപ്പെട്ട പല തരത്തിലുള്ള വിവരങ്ങൾ കമ്പ്യൂട്ടർ ഫയൽ രൂപത്തിലേക്ക് മാറ്റി പിന്നീടുപയോഗിക്കാൻ പറ്റുന്ന തരത്തിൽ ശേഖരിച്ചുവെക്കുകയാണ് ഡാറ്റ എൻട്രി ഓപ്പറേറ്ററുടെ ചുമതല. വിവരങ്ങൾ പല തരത്തിലുള്ളതാകാം. ചിലപ്പോഴത് കണക്കുകളാകാം, അല്ലെങ്കിൽ ടെലിഫോൺ നമ്പറുകൾ, അല്ലെങ്കിൽ കത്തുകളോ ലേഖനങ്ങളോ ആകാം. എന്ത് തരത്തിലുള്ള വിവരങ്ങളായാലും അത് ശ്രദ്ധയോടെ വായിച്ച് മനസിലാക്കി തെറ്റുകൂടാതെ കമ്പ്യൂട്ടറിലേക്ക് ടൈപ്പ് ചെയ്തുകയറ്റുകയാണ് ഡാറ്റ എൻട്രി ഓപ്പറേറ്ററുടെ ജോലി. ടൈപ്പിസ്റ്റ്, ഡാറ്റ എൻട്രി കീയർ, ഇൻഫർമേഷൻ പ്രൊസസ് വർക്കർ എന്നീ പേരുകളിലും ഡാറ്റ എൻട്രി ഓപ്പറേറ്റർമാർ അറിയപ്പെടുന്നു.

# ഇന്റർനെറ്റ്



ഷെഹിന ,IX.D

ഫോൺ കേബിൾ ഉപയോഗിച്ച് കംപ്യൂട്ടറുകൾക്കിടയിലെ ഡാറ്റാ കൈമാറ്റരീതി

ലോകത്തിലെ വിവിധ ഭാഗങ്ങളിലായിക്കിടക്കുന്ന കമ്പ്യൂട്ടറുകളെ കോർത്തിണക്കിയുണ്ടാക്കിയിട്ടുള്ള അതിബൃഹത്തായ ഒരു ആശയവിനിമയ സംവിധാനം

അന്താരാഷ്ട്ര കംപ്യൂട്ടർ ശൃംഖല

## *ഇൻറ്റർനെറ്റ് കഫേ*

വെബ്സൈറ്റുകൾ സന്ദർശിക്കാനും ഇമെയിൽ അയക്കാനും സജ്ജീകരിച്ചിരിക്കുന്ന സ്ഥലം

## *ഇൻറ്റർനെറ്റ് ബാങ്കിങ്*

ബാങ്കുകളുടെ ശാഖയിൽ പോകാതെ തന്നെ ബാങ്കുകളുടെ സേവനങ്ങൾ ഇന്റർനെറ്റ് ഉപയോഗിച്ച് ലഭ്യമാക്കുന്ന രീതി

## *ഇൻറ്റർനെറ്റ് ഇക്സ്പ്ലോറർ*

മൈക്രോസോഫ്റ്റ് കമ്പനിയുടെ ഒരു ബ്രൗസർ സോഫ്റ്റ് വെയർ

## *ഇൻറ്റർനെറ്റ് ഫോൺ*

ഇന്റർനെറ്റ് വഴി ഫോൺ ചെയ്യുന്ന സംവിധാനം

## ഇന്റർനെറ്റ്രജിസ്റ്റർ

വെബ്സൈറ്റ് അഡ്രസ്സ് നൽകുകയും ഡൊമെയിൻ നെയിം രജിസ്റ്റർ ചെയ്യുകയും ചെയ്യുന്ന ഏജൻസി

## *ഇൻറ്റർനെറ്റ് റീലേ ചാറ്റ്*

കീബോർഡിന്റെ സഹായത്താൽ ഇന്റർനെറ്റിൽ നടത്തുന്ന സംഭാഷണം

## *ഇൻറ്റർനെറ്റ് സൊസൈറ്റി*

*ഇന്റർനെറ്റുമായി ബന്ധപ്പെട്ടുവരുന്ന വിവിധ കാര്യങ്ങൾ നോക്കിനടത്തുന്ന സൊസൈറ്റി*

GHSS Kuzhimathicadu

# ശ്രീ നാരായണഗുരു വചനങ്ങൾ



ഷെബിൻ ,IX.A

ജാതി ഭേദം മതദ്വേഷം
ഏതുമില്ലാതെ സർവരും
സോദര ത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്

വിദ്യ കൊണ്ട് പ്രബുദ്ധരാകുക
സംഘടിച്ച് ശക്തരാകുക

അധർമ്മപക്ഷത്തുനിന്നു ജയിക്കുന്നതിനേക്കാൾ നല്ലത്
ധർമപക്ഷത്തുനിന്നു പരാജയപ്പെടുന്നതാണ്

നാം ശരീരമല്ല അറിവാകുന്നു
ശരീരം ഉണ്ടാകുന്നതിനു മുൻപിലും
അറിവായ നാം ഉണ്ടായിരുന്നു
ഇനി ഇതൊക്കെയും
ഇല്ലാതെ പോയാലും
നാം എപ്രകാരം പ്രകാശിച്ചു
കൊണ്ടുതന്നെ ഇരിക്കും

വാദിക്കുന്നത് വാദത്തിനു
വേണ്ടി ആകരുത്
സംശയനിവർത്തിക്കും
തത്ത്വ പ്രകാശനത്തിനും
വേണ്ടി ആകണം

GHSS Kuzhimathicadu

# ZEN STORIES



അഖിൽ രാജ് ,IX.D

Sozan, a Chinese Zen master, was asked by a student: "What is the most valuable thing in the world?"
The master replied: "The head of a dead cat."
"Why is the head of a dead cat the most valuable thing in the world?" inquired the student.
Sozan replied: "Because no one can name its price."

Four monks decided to meditate silently without speaking for two weeks. By nightfall
on the first day, the candle began to flicker and then went out. The first monk said, "Oh, no! The candle is out." The second monk said, "Aren't we not suppose to talk?"
The third monk said, "Why must you two break the silence?" The fourth monk laughed
and said, "Ha! I'm the only one who didn't speak.

# Definition of Computer

Computer is a programmable machine.
Computer is a machine that manipulates data according to a list of instructions.
Computer is any device which aids humans in performing various kinds of computations or calculations.



മുഹമ്മദ് ,IX.B

GHSS Kuzhimathicadu

# മഹത് വചനങ്ങൾ



അനൂപ് .എസ്.എൽ ,IX.A


സമൂഹം ആദ്യം നിങ്ങളെ അവഗണിക്കും
പിന്നെ പരിഹസിക്കും
പിന്നെ പോരടിക്കും
ഒടുവിൽ നിങ്ങൾ ജയിക്കും
മഹാത്മാ ഗാന്ധി

കളിമൺ പാത്രങ്ങൾ പോലെ ഒരുനാൾ
ഈ ശരീരങ്ങൾ ഉടഞ്ഞു പോകും
നമ്മുടെ ചിന്തകൾ മാത്രം അതിജീവിക്കും
അതിനാൽ ചിന്തകളെ സംസാരവിഷയങ്ങളിൽനിന്നും
സദാ കാത്തുരക്ഷിക്കു
ശ്രീബുദ്ധൻ

സന്തോഷത്തിന്റെ ഒരു വാതിൽ
അടയുമ്പോൾ എപ്പോഴുംമറ്റൊന്ന്
തുറക്കുന്നു അടഞ്ഞ വാതിലിൽ തന്നെ
നോക്കിനിൽക്കുന്നതു കൊണ്ടാണ്
തുറന്ന വാതിൽ നമ്മൾ കാണാത്തത്
ഹെലൻ കെല്ലർ

സൗഹൃദമാണ്
നിങ്ങളുടെ ഏറ്റവും വലിയ ദൗർബല്ല്യം എങ്കിൽ
നിങ്ങളാണ്
ലോകത്തിലെ ഏറ്റവും വലിയ ശക്തൻ
എബ്രഹാം ലിങ്കൺ

# കൗടില്യൻ




ചന്ദ്രഗുപ്തമൗര്യന് ഭാരതത്തിന്റെ ചക്രവർത്തിസ്ഥാനം നേടിക്കൊടുത്ത കുശാഗ്രബുദ്ധിയായ ഒരു വൃദ്ധബ്രാഹ്മണനെന്ന നിലയ്ക്കാണ് ചാണക്യനെ  പലരും അറിയുന്നത്. എന്നാൽ ചാണക്യൻ അതിലുപരി ഒരു മഹാപണ്ഡിതനും, ധിഷണാശാലിയും, നീതിനിപുണനുമായ രാഷ്ട്രതന്ത്രജ്ഞനായിരുന്നു.

ബി. സി. 350 നും 283 നും ഇടയിൽ ജീവിച്ചിരുന്നു. മഗധയിൽ ജനനം. പിതാവിന്റെ മരണശേഷം തക്ഷശിലയിൽ ജീവിച്ചു. കുടല എന്ന് വംശത്തിൽ പിറന്നതിനാൽ കൗടില്യൻ എന്ന് അറിയപ്പെട്ടു. ചണക ദേശവാസി ആയതിനാൽ ചാണക്യൻ എന്നും അറിയപ്പെട്ടു.

തന്റെ ആശ്രമത്തിന്റെ അടുത്ത് ദർഭപ്പുല്ല് പറിച്ചുകൊണ്ടുനിൽക്കവേയാണ് കൗടില്യനെ ചന്ദ്രഗുപ്തമൗര്യൻ കണ്ടുമുട്ടുന്നത്. ഒരു തവണ കാലിൽ പുല്ലുകൊണ്ടു വേദനിച്ചതിന്, ഇനി അത് ആവർത്തിക്കാതിരിക്കാൻ എല്ലാ ദർഭപ്പുല്ലുകളും പറിച്ചുമാറ്റുകയായിരുന്നു കൗടില്യൻ. അസംഖ്യം ശത്രുക്കളാൽ വലയം ചെയ്യപ്പെട്ട ചന്ദ്രഗുപ്തമൗര്യനെ ചാണക്യന്റെ രാഷ്ട്രീയ തന്ത്രങ്ങൾ പലപ്പോഴും രക്ഷിച്ചു. രാക്ഷസൻ എന്ന ശത്രു ചന്ദ്രഗുപ്ത മൗര്യനെ കൊല്ലുവാൻ സുന്ദരിയായ വിഷകന്യകയെ അയച്ച കഥ പ്രശസ്തമാണ്. കുട്ടിക്കാലം മുതൽക്കേ അല്പാല്പം വിഷം കുടിച്ചു വളർന്ന വിഷകന്യകമാർ സർപ്പവിഷം ഏൽക്കാത്തവരും ഒരു ചുംബനം കൊണ്ട് കാമുകരെ കൊല്ലുവാൻ പര്യാപ്തരുമായിരുന്നു. കൗടില്യന്റെ കൂർമ്മബുദ്ധി ഗുപ്തരാജാവിനെ വിഷകന്യകയുടെ മാസ്മരവലയത്തിൽ നിന്നു രക്ഷിച്ചു എന്നു കഥ.

ചാണക്യന്റേതായി മൂന്നു ഗ്രന്ഥങ്ങളാണുള്ളത്. അർത്ഥശാസ്ത്രം, , ചാണക്യനീതി ,നീതി ശാസ്ത്രം എന്നിവയാണവ.



*വിഘ്നേഷ്.IX.D*

GHSS Kuzhimathicadu

## പുതു വർഷത്തിന്റെ ഗണിത പ്രത്യേകത



ഹരി കൃഷ്ണൻ .IX.D

$7^2 + 11^2 + 43^2 = 2019$

$7^2 + 17^2 + 41^2 = 2019$

$13^2 + 13^2 + 41^2 = 2019$

$11^2 + 23^2 + 37^2 = 2019$

$17^2 + 19^2 + 37^2 = 2019$

$23^2 + 23^2 + 31^2 = 2019$

GHSS Kuzhimathicadu

# ഒന്ന് ഒരു ചില്ലറക്കാരൻ അല്ല



അദ്വൈത്.IX.A

1 x 1 = 1

11 x 11 = 121

111 x 111 = 12321

1111 x 1111 = 1234321

11111 x 11111 = 123454321

111111 x 111111 = 12345654321

1111111 x 1111111 = 1234567654321

11111111 x 11111111 = 123456787654321

111111111 x 111111111 =12345678987654321

1 x 9 + 2 = 11

12 x 9 + 3 = 111

123 x 9 + 4 = 1111

1234 x 9 +5 =11111

12345 x 9 +6 = 111111

123456 x 9 + 7 = 1111111

1234567 x 9 + 8 = 11111111

12345678 x 9 +9 = 111111111

123456789 x 9 + 10 =1111111111

# ശ്രീനിവാസ രാമാനുജൻ



നിതിൻ കൃഷ്ണ.എം IX.B



ആധുനിക ഭാരതത്തിലെ ഏറ്റവും പ്രതിഭാശാലിയായ ഗണിത ശാസ്ത്രജ്ഞനായി വിലയിരുത്തപെടുന്ന ആളാണ് ശ്രീനിവാസരാമാനുജൻ അയ്യങ്കാർ എന്ന ശ്രീനിവാസരാമാനുജൻ . ശുദ്ധഗണിതത്തിൽ കാര്യമായ വിദഗ്ധ ശിക്ഷണം ലഭിക്കാതിരിന്നിട്ടും സ്വപ്രയത്നത്തിലൂടെ ഗണിതവിശകലനം , സംഖ്യാസിദ്ധാന്തം , അനന്തശ്രേണി , തുടർച്ചാഭിന്നകങ്ങൾ ,തുടങ്ങിയ ഗണിത ശാസ്ത്ര മേഖലകളിൽ വിലപ്പെട്ട സംഭാവനകൾ നൽകി. 1887 ഡിസംബർ 22 ന ജനിച്ച കേവലം 33 വർഷം മാത്രം ജീവിച്ച ഈ മഹാപ്രതിഭ തന്റെ കണക്കിലെ പ്രാവിണ്യം കൊണ്ട്മാത്രം ബ്രിട്ടനിലെ റോയൽ സൊസൈറ്റിയിൽ അംഗത്വം നേടി എന്നത് അസൂയാവഹമായ നേട്ടം തന്നെയാണ് .ഗണിത ശാസ്ത്രത്തിലെ 6000 സങ്കീർണ പ്രശനങ്ങൾ അടങ്ങിയ ജി.എസ്.കാർ രചിച്ച 'സിനോപ്സിസ് ഓഫ്എലിമെന്ററി റിസൾട്ട്സ് ഇൻ പ്യൂവർ മാത്തമാറ്റിക്സ് 'എന്ന കൃതി സ്കൂൾ പഠനകാലത്തു തന്നെ രാമാനുജന്റെ പക്കൽ ഉണ്ടായിരുന്നു

രാമാനുജനെ കാണാനെത്തിയ പ്രൊഫെസർ ഹാർഡി തന്റെ കാറിന്റെ നമ്പർ ആയ 1729 ന ഒരു പ്രത്യേകതയും ഇല്ലന്ന് പറഞ്ഞു .രണ്ടു ഘനങ്ങളുടെ (ക്യൂബ്) തുകയായി രണ്ടു തരത്തിൽ എഴുതാവുന്ന ഏറ്റവും ചെറിയ സംഖ്യയാണ് 1729 എന്നായിരുന്നു രാമാനുജന്റെ മറുപടി .

അതിങ്ങനെ

$$10^3 + 9^3 = 1729$$

$$12^3 + 1^3 = 1729$$

GHSS Kuzhimathicadu